പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2575 12.2.2020 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം ഇന്ത്യയിലെത്തുന്ന വിദേശ വിനോദസഞ്ചാരികളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കുമോ; | എ) | 2018-ലെ കണക്കുകൾ പ്രകാരം 8-ാം സ്ഥാനം |
| ബി) | ആഭ്യന്തര വിനോദസഞ്ചാരികളെത്തുന്നതിൽ കേരളത്തിന്റെ സ്ഥാനമെത്രയാണ്; | ബി) | 2017-ലെ കണക്ക് പ്രകാരം 18-ാം സ്ഥാനം |
| സി) | ഈ സ്ഥാനങ്ങൾ ഉയർത്തുന്നതിനും കൂടുതൽ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | സി) | കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവ വേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി RT Mission പ്രവർത്തനം നടത്തി വരുന്നു. വിനോദസഞ്ചാരികളുടെ ശുചിത്വവും, സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, ഗ്രീൻ കാർപ്പറ്റ് |

| | | | |
|---|---|---|---|
| | | | പദ്ധതി, ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ 'World Class Toilet' പദ്ധതി പ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതി<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി ( രണ്ടാം ഘട്ടം)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി<br>• "ഗ്രീൻ കാർപ്പറ്റ്" സ്കീം<br>• കൊല്ലം ജില്ലയിലെ ജഡായു പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുംമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ആക്കുളം കായലിന്റെ പുനരുജ്ജീവനം<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ<br>• ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• ലോകോത്തര നിലവാരത്തിലുള്ള ടോയ് ലറ്റ് സമുച്ചയങ്ങൾ<br>• ചാമ്പ്യൻസ് ബോട്ട് ലീഗ് |

| | | | |
|---|---|---|---|
| | | | • ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം<br>• ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ<br>• ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ<br>• അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ<br>• ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും<br>• ബ്ലോഗ് എക്സ്പ്രസിന്റെ തുടർച്ച<br>• 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ<br>• MICE, വെഡിങ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരം<br>• ആയുർവേദ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ നവീകരണം<br>• സാഹസിക ടൂറിസം സംരംഭങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം<br><br>ഇതുകൂടാതെ, ചുവടെ ചേർക്കുന്ന ഭാവി പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തേക്കുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>• ചാമ്പ്യൻസ് ബോട്ട് ലീഗ് രണ്ടാം ഘട്ടം<br>• ക്ലാസിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ നവീകരണം |

| | | | |
|---|---|---|---|
| | | | • സാഹസിക ടൂറിസം മേഖലയുടെ പരിപോഷണം<br>• വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും<br>• ടൂറിസം മേളകൾ, യോഗ/ ആയുർവ്വേദ അംബാസഡർ ടൂർ പോലുള്ള നവീന സംരംഭങ്ങൾക്ക് സഹായം നൽകൽ |

സെക്ഷൻ ഓഫീസർ